FREE
MARCH 2021
Page 12
Circulation strictly for Christian Churches only
Dubai
Manna bi-weekly Vol.14 Issue 1.

# മന്ന

NUMBER 1 IN MIDDLE EAST




www.newsmanna.com
UAE • KUWAIT • INDIA
mannamanna



# സഫലമീ ജീവിതം

വൈദിക വിദ്യാഭ്യാസം പരിശുദ്ധാത്മാവിന്റെ എതിർ ദിശയായി വീക്ഷിച്ചിരുന്ന കാലത്തു സെമിനാരി എന്ന പേരിട്ടുകൊണ്ടു ദൈവ ശാസ്ത്രത്തിന്റെ ആഴമേറിയ പഠനങ്ങൾക്കായി വാതിലുകൾ തുറന്നുവെച്ച ദീർഘദർശി... സുവർണ ജൂബിലി പിന്നിട്ട ഫെയ്ത്ത് തിയോളജിക്കൽ സെമിനാരി ലോകത്തിനു സമ്മാനിച്ച നാലായിരത്തോളം സുവിശേഷകരുടെ 'അച്ചായൻ'...ശാരോൻ ഫെല്ലോഷിപ്പ് ചർച്ചിന് രണ്ടു പതിറ്റാണ്ടു ദിശാബോധം നൽകിയ മുൻ ജനറൽ പ്രസിഡന്റ്... വിശ്വാസം എന്ന വാക്കിന് പ്രായോഗിക തലത്തിൽ അർഥം കണ്ടെത്തിയ അപ്പോസ്തോലൻ...ദൗത്യം പൂർത്തിയാക്കി നിത്യതയിൽ ചേർക്കപ്പെട്ട ഡോ. റ്റി. ജി. കോശിയുടെ ജീവിത വഴികൾ...

ഷിബു മുള്ളംകാട്ടിൽ 4,5



"ദൈവം സ്വർണ്ണപ്പാത്രങ്ങളെയോ വെള്ളിപ്പാത്രങ്ങളെയോ അല്ല നോക്കുന്നത്; മറിച്ച് സന്നദ്ധമായ പാത്രങ്ങളാണ് താൻ അന്വേഷിക്കുന്നത്".
– കാതറിൻ കുൽഫ്മാൻ

## ദൈവം ഉപയോഗിച്ച വനിതാരത്നങ്ങൾ

അഞ്ചു റോബിൻ, ദുബായ് 3

## പ്രതിസന്ധികളിലെ നന്മയുടെ നീരുറവ

സജി മേത്താനം 3



അവരെ തിരിച്ചറിയാത്തത് അവർക്കു ജന്മംനല്കിയ കേരളം മാത്രമാണ്

## ആരാണ് ഈ ദയാബായി

7

## സൗമ്യതയുടെ മുഖം
## കെ. സി. ജോസഫച്ചായൻ നാട്ടിലേക്കു മടങ്ങി

സാം സഖറിയ ഈപ്പൻ 6

# പ്രതിസന്ധികളിലെ നന്മയുടെ നീരുറവ

സജി മേത്താനം

കഷ്ടതയുടെയും പ്രതിസന്ധികളുടെയും നടുവിൽ ദൈവം ഒരുക്കിയ നന്മയുടെ നീർച്ചാലിൽ ആശ്വാസം കണ്ടെത്തുകയാണ് മാമ്മൂട് സ്വദേശി സൂസൻ ജോസഫ്. പരിശോധനകളുടെ കനൽ വഴിയിൽ ദൈവം കൈപിടിച്ചു നടത്തിയതോർക്കുമ്പോൾ ഇന്ന് ഹൃദയം നന്ദിയാൽ നിറയുകയാണ്.

ലോകമെമ്പാടും മലയാളി ക്രൈസ്തവർ പാടി ആശ്വസിക്കുന്ന ‘‘നീയെന്റെ രക്ഷകൻ നീയെന്റെ പാലകൻ’’, എന്ന ഗാനം പാടാത്ത, കേൾക്കാത്ത ക്രൈസ്തവർ വിരളമാണ്.

ജീവിത പ്രതിസന്ധികളിൽ സാമ്പത്തിക നഷ്ടവും, കഠിന പരിശോധനയും തളർത്തി ജീവിതം എങ്ങനെ കരുപ്പിടിപ്പിക്കുമെന്ന് ആകുലപ്പെട്ടപ്പോൾ സഹായിപ്പാനാരുമില്ലാത്ത അവസ്ഥ. ഭർത്താവ് ബാങ്ക് ഉദ്യോഗസ്ഥനും പാസ്റ്ററുമായ കെ.ജെ.ജോസഫുമൊത്ത് ദൈവസന്നിധിയിൽ നാളുകൾ പ്രാർത്ഥനയ്ക്കായി മുട്ടു മടക്കി. ജീവിതത്തിൽ എല്ലാം തകർന്നെന്നും പ്രതീക്ഷയറ്റെന്നും ലോകം വിധിയെഴുതിയപ്പോൾ വിളിച്ച ദൈവം വിശ്വസ്തൻ എന്ന് മനസ്സിലാക്കി മുൻപോട്ടു യാത്ര തുടർന്നു. അബ്രഹാമിനെപ്പോലെ എവിടെക്കെന്നറിയാതെ ഇരുവരും പ്രേഷിത വേലയ്ക്കായി തങ്ങളെത്തന്നെ സമർപ്പിച്ചു.

**സാമ്പത്തിക തകർച്ച ജീവിതത്തെ കടപുഴക്കി. ഒരു മാസം കുട്ടികളെ സ്കൂളിൽ അയച്ചില്ല. സാമ്പത്തികമായി തകർന്നു നരാശയായി ഭവനത്തിൽ കഴിയുമ്പോൾ ഒരാൾ ഭവനത്തിൽ വന്ന് അല്പം സാമ്പത്തികം കൈയിലേൽപ്പിച്ചു. ആ തുക കൈയിൽ പിടിച്ചു കണ്ണുനീരോടെ പ്രാർത്ഥിച്ചു. മരുഭൂമിയിൽ ഹാഗാറിന്റെ പൈതലിന് നീരുറവ തുറന്ന സർവ്വശക്തന്റെ കരുതലിന്റെ കരം അന്ന് മനസ്സിലാക്കാൻ കഴിഞ്ഞു. ആ രാത്രി എഴുതിയ ഗാനമാണ് നീയെന്റെ രക്ഷകൻ നീയെന്റെ പാലകൻ നീയെനിക്കഭയസ്ഥാനം, നീറിടും വേളയിൽ നീയെനിക്കേകിടും നന്മയിൻ നീരുറവ ഓരോ വരികളും ദൈവീക നന്മയുടെ സ്ഫുരണങ്ങളാണെന്ന് സൂസൻ തിരിച്ചറിയുന്നു.**

തിരുവല്ല, കുളക്കാട്ടിൽ വാഴക്കാല പരേതനായ മത്തായി വർഗ്ഗീസ്- കുഞ്ഞമ്മ ദമ്പതികളുടെ രണ്ടു മക്കലിൽ മൂത്ത മകളാണ് സൂസൻ ജോസഫ്. യാക്കോബായ സഭാ പരാമ്പര്യത്തിൽ നിന്നും പെന്തക്കോസ്ത് വിശ്വാസത്തിലേക്ക് പാദമൂന്നിയത് ആദ്യം സൂസനായിരുന്നു. 1983-ൽ കർത്താവിനെ ജലത്തിൽ സാക്ഷിച്ചു. അതിനു പിന്നാലെ മാതാവും സ്നാനപ്പെട്ടു. അക്കാലത്ത് നിരവധി എതിർപ്പുകളും സഭാവിലക്കുകളും ഉയർന്നുവെങ്കിലും തളരാതെ എല്ലാം ഉപോക്ഷിച്ചു കർത്താവിന്റെ വഴിയെ തിരിച്ചു. സഹോദരൻ ബിജു മത്തായി കർത്താവിന്റെ ശുശ്രൂഷക്കാരനായതും ഒരു നിയോഗമായിരുന്നു. 17-ാം വയസ്സിൽ പാട്ടെഴുതി തുടങ്ങി. ‘‘പ്രതികൂലകാറ്റുകൾ ഏറിടുന്നേ’’എന്ന ഗാനമായിരുന്നു ആദ്യത്തേത്. അനുഭവത്തിന്റെ, പ്രത്യാശയുടെ വരികളാണ് ഓരോ ഗാനത്തിന്റെയും പ്രമേയം. അതുകൊണ്ടുതന്നെ, സൂസൻ ജോസഫിന്റെ എല്ലാ ഗാനങ്ങളിലും സഹനത്തിന്റെയും, ആർദ്രതയുടെയും ദൈവീക നന്മയുടെയും പ്രതിഫലനം തിരിച്ചറിയാം.

1987-ൽ ചങ്ങനാശ്ശേരിക്കു സമീപം മാമ്മൂട്ടിൽ താമസം ആരംഭിച്ചു. ഒരു ദൈവീക പ്രവൃത്തി ഈ ദേശത്തുണ്ടെന്നുള്ള വ്യക്തമായ ദർശനം തിരിച്ചറിഞ്ഞതിനാൽ കർത്താവിന്റെ വേലയ്ക്കു വേണ്ടി തന്നാലാവോളം പ്രയത്നിക്കണമെന്ന് തീരുമാനമെടുത്തു. ഒഴിവു ദിവസങ്ങളിൽ ഭർത്താവ് പാസ്റ്റർ കെ.ജെ. ജോസഫുമൊത്ത് നൂറുകണക്കിനു ഭവനങ്ങളിൽ ട്രാക്റ്റും സന്ദേശവുമായി സന്ദർശിപ്പാൻ കഴിഞ്ഞു. അനേകരിൽ രൂപാന്തരത്തിന്റെയും സൗഖ്യത്തിന്റെയും ദൈവപ്രവൃത്തി വെളിപ്പെട്ടു. അനുഭവസാക്ഷ്യങ്ങൾ, ദൈവം നടത്തിയ വിധങ്ങൾ അനേകരിൽ സമർപ്പണത്തിന് കാരണമായി. തന്മൂലം സ്വന്തസ്ഥലത്ത് ഒരു ആരാധനാലയം ഉയർന്നു.

അതിനു മുമ്പ് സ്വന്തഭവനത്തിൽ നിരവധി മിനി കൺവൻഷനുകളും ഉപവാസ പ്രാർത്ഥനകളും നടത്തി. ഈ പ്രാർത്ഥനയോഗങ്ങളാണ് സ്ഥലം സഭാ ഉടലെടുക്കാൻ നിമിത്തമായത്. ഒരിക്കൽ പ്രാർത്ഥനാ നിരതരായിരിക്കുമ്പോൾ കഷ്ടപ്പെടുന്ന, വേദന അനുഭവിക്കുന്ന ജീവിതങ്ങളെ കർത്താവ് ദർശനത്തിലൂടെ കാണിച്ചു. അതിൻപ്രകാരം ദൈവം നൽകിയ നന്മകളിൽ നിന്നും അനേകർക്ക് പങ്കിട്ട് നൽകിപ്പോന്നു.

സൂസൻ ജോസഫിന്റെ ഓരോ ഗാനങ്ങളും കഷ്ടതയിൽ നിന്നും ശോധനയിൽ നിന്നും പുറത്തു വന്ന ഈരടികളാണ്. കണ്ണുനീർ താഴ്വരയിൽ, യേശുവേ കൃപ മതി, കഷ്ടകാലത്തു നീ, എന്നുടെ അല്ലൽ തീർന്നു, മൽപ്രാണ നാഥാ നീ, തുടങ്ങിയ 35ൽ പരം പാട്ടുകൾ ക്രൈസ്തവ ഗാനശാഖയിൽ പിറവിയെടുത്തു.

ഒരിക്കൽ സഭയിലെ ഒരു വിശ്വാസി രാത്രി 2 മണിക്ക് മരിച്ച വിവരം അറിഞ്ഞു. അന്നു രാത്രി വളരെ ഹൃദയ വേദനയാൽ ഉറക്കമിളച്ച് പ്രത്യാശയോടെ ഇപ്രകാരമെഴുതി. ‘‘എന്നുടെ അല്ലൽ തീർന്നു കർത്തന്റെ സന്നിധിയിൽ എത്തി ഞാൻ വിശ്രമിച്ചീടും’’ വളരെ പ്രത്യാശ പകരുന്ന ഈ ഗാനം ക്രൈസ്തവ കൈരളിയിൽ ഇന്നും പ്രചുര പ്രചാരമാണ്.

ഇപ്പോൾ 13 വർഷമായി കുടുംബമായി കർത്തൃശുശ്രൂഷയിലാണ്. നിരവധി കൺവൻഷൻ വേദികളിൽ സാക്ഷ്യം പറയാനും തന്റെ അനുഭവങ്ങൾ പങ്കുവെയ്ക്കുവാനും കഴിഞ്ഞു. 2 പതിറ്റാണ്ടായി മലയാളി ക്രൈസ്തവർ പാടി ആശ്വസിക്കുന്ന ‘‘നീയെന്റെ രക്ഷകൻ നീയെന്റെ പാലകൻ’’ എന്ന ഗാനം പിറവിയെടുക്കുന്നതിന് പിന്നിൽ കണ്ണുനീരിന്റെയും സന്തോഷത്തിന്റെയും കയ്യൊപ്പുണ്ട്. ഒരിക്കൽ മക്കളുടെ പഠന കാര്യത്തിന് സ്കൂളിലെ ആവശ്യങ്ങൾക്കായി പണമില്ലാതെ ക്ലേശിച്ചു. സാമ്പത്തിക തകർച്ച ജീവിതത്തെ കടപുഴക്കി. ഒരു മാസം കുട്ടികളെ സ്കൂളിൽ അയച്ചില്ല. സാമ്പത്തികമായി തകർന്നു നരാശയായി ഭവനത്തിൽ കഴിയുമ്പോൾ ഒരാൾ ഭവനത്തിൽ വന്ന് അല്പം സാമ്പത്തികം കൈയിലേൽപ്പിച്ചു. ആ തുക കൈയിൽ പിടിച്ചു കണ്ണുനീരോടെ പ്രാർത്ഥിച്ചു. മരുഭൂമിയിൽ ഹാഗാറിന്റെ പൈതലിന് നീരുറവ തുറന്ന സർവ്വശക്തന്റെ കരുതലിന്റെ കരം അന്ന് മനസ്സിലാക്കാൻ കഴിഞ്ഞു. ആ രാത്രി എഴുതിയ ഗാനമാണ് ‘‘നീയെന്റെ രക്ഷകൻ നീയെന്റെ പാലകൻ നീയെനിക്കഭയസ്ഥാനം, നീറിടും വേളയിൽ നീയെനിക്കേകിടും നന്മയിൻ നീരുറവ്’’ ഓരോ വരികളും ദൈവീക നന്മയുടെ സ്ഫുരണങ്ങളാണെന്ന് സൂസൻ തിരിച്ചറിയുന്നു.

35-ൽ പരം പാട്ടുകളിൽ ഇന്നും ക്രൈസ്തവ വേദികളിൽ സമർപ്പണ ഗാനമായി അലയടിക്കുന്നത് ‘‘നീയെന്റെ രക്ഷകൻ നീയെന്റെ പാലകൻ’’ എന്ന ഗാനമാണ്. ഈ ഗാനത്തിന്റെ പിതൃത്വത്തിന് പലരും അവകാശവാദം ഉന്നയിച്ചിട്ടുണ്ട് എന്നതും പച്ചയായ യാഥാർത്ഥ്യമാണ്. ഒരിക്കൽ ഒരു വേദിയിൽ ഈ ഗാനമെഴുതിയത് മറ്റൊരു വ്യക്തിയാണെന്നും അവരെ പുകഴ്ത്തി പറയുന്നതും കേട്ട ഒരാൾ ആ നിമിഷം തന്നെ സൂസൻ ജോസഫാണെന്ന് മനസ്സിലാക്കി കൊടുത്ത സംഭവവും ഉണ്ടായിട്ടുണ്ട്. ക്രൈസ്ത ഗാനശാഖയിൽ ഗാനമോഷണം ഇന്നും പതിവാണെന്നുള്ളതിന്റെ തെളിവാണ് മനോരമ കാസെറ്റിൽ ഉടമസ്ഥാവകാശമില്ലാതെ ചേർത്ത ഈ ഗാനം. തുണയെനിക്കേശുവേ, എന്ന കാസെറ്റിൽ സൂസൻ ജോസഫിന്റെ ‘‘നീയെന്റെ രക്ഷകൻ’’എന്ന പാട്ടു അനുവാദമില്ലാതെ ചേർത്തത് ഒടുവിൽ വിവാദമായിരുന്നു. പവർ വിഷൻ. ശാലോം ടിവി, ആത്മീയ യാത്ര എന്നീ ചാനലുകളിലും ഈ ഗാനം അവതരിപ്പിക്കുവാൻ കഴിഞ്ഞു. തന്റെ ഗാനങ്ങൾ ഓരോ ഹൃദയത്തിനും സമർപ്പണത്തിനും രൂപാന്തരത്തിനും കാരണമാകണമെന്നാണ് സൂസന്റെ ആഗ്രഹം. മക്കൾ: കെസിയ റിനോജ്, നിസിയ റെജിൻ, മകൻ നിസൻ ഇ. ജോസഫ്. ഫോൺ: 8547289960.

# ദൈവം ഉപയോഗിച്ച വനിതാരത്നങ്ങൾ

അഞ്ചു റോബിൻ, ദുബായ്



*"ദൈവം സ്വർണ്ണപ്പാത്രങ്ങളെയോ വെള്ളിപ്പാത്രങ്ങളെയോ അല്ല നോക്കുന്നത്; മറിച്ച് സന്നദ്ധമായ പാത്രങ്ങളാണ് താൻ അന്വേഷിക്കുന്നത്".*

1940 മുതൽ 1970 വരെയുള്ള കാലഘട്ടങ്ങളിൽ ലോകം കണ്ടതിൽ വച്ച് ശക്തമായി ദൈവകരങ്ങളിൽ ഉപയോഗിക്കപ്പെട്ട കാതറിൻ കുൽമാന്റെ വാക്കുകളാണിത്. ഇന്നും ആ വാക്കുകളുടെ പ്രസക്തി ഒട്ടും മങ്ങിയിട്ടില്ല. ആ കാലയളവിൽ തന്റെ പ്രസംഗം കൊണ്ടും ദൈവം തന്റെമേൽ പകർന്ന രോഗശാന്തി വരംകൊണ്ടും അനേകരെ ക്രിസ്തുവിലേക്ക് നയിക്കുവാൻ തനിക്ക് സാധിച്ചു.

കാലാകാലങ്ങളിൽ ദൈവം തന്റെ കരങ്ങളിൽ വിവിധ നിലകളിൽ ഉപയോഗിച്ച ശക്തരായ ദൈവദാസിമാരുണ്ട്. ഭാരതമണ്ണിലും ക്രിസ്തുവിനുവേണ്ടി പ്രവർത്തിച്ച എമി കാർ മൈക്കൽ, മദർ തെരേസ, പണ്ഡിത രമാബായ്, കൂടാതെ അന്നമ്മ മാമ്മൻ, മേരി കോവൂർ തുടങ്ങിയവരെല്ലാം ഇതിനുദാഹരണങ്ങളാണ്.

ഒരു സ്ത്രീ ജീവിതത്തിന്റെ വിവിധ ഘട്ടങ്ങളിലൂടെ കടന്നുപോകുന്നു. ഒരു മകളായും സഹോദരിയായും ഭാര്യയായും മരുമകളായും അമ്മയായും അമ്മാവിയമ്മയായും വല്യമ്മയായും ഒക്കെ തങ്ങളുടെ ജീവിതം കഴിച്ചുകൂട്ടുന്നു. ദൈവവചനം നാം പരിശോധിക്കുമ്പോൾ ഇതിന് ഉദാഹരണങ്ങളായി നമുക്ക് അനേകം സഹോദരിമാരെ കാണാം. തങ്ങളുടെ ജീവിതംകൊണ്ട് ദൈവത്തെ മഹത്വപ്പെടുത്തിയവർ, ശ്രേഷ്ഠമായ മാതൃക നമുക്ക് കാണിച്ചു തന്നവർ...

**1. യിപ്താഹിന്റെ മകൾ**

നല്ലൊരു മകൾ എന്നതിന് ഏറ്റവും ഉദാത്തമായ ഉദാഹരണമാണ് പേർ പോലും പറയപ്പെടാത്ത ഈ സഹോദരി (ന്യായാധിപന്മാർ 11:30-40). തന്റെ അപ്പൻ ദൈവസന്നിധിയിൽ എടുത്ത തീരുമാനത്തിന് മുന്നിൽ തന്നെത്തന്നെ സമർപ്പിച്ച അനുസരണമുള്ള മകളായി, യൗവനക്കാരി ആയിരുന്നിട്ടുകൂടി ലോകമോഹങ്ങളിൽപ്പെട്ടു കുടുങ്ങി പോകാതെ ദൈവസന്നിധിയിൽ ഒരു യാഗമായി അർപ്പിക്കപ്പെട്ടു. ആയതിനാൽ അവരുടെ മരണശേഷവും അവൾ ഇസ്രായേലിൽ കീർത്തിക്കപ്പെട്ടു.

**2. മിര്യാം**

മോശെയുടെയും അഹരോന്റെയും സഹോദരിയാണ് മിര്യാം അറിയപ്പെടുന്നത്. മോശെയുടെ ജനനം മുതൽ തന്റെ ശുശ്രൂഷയുടെ വിവിധഘട്ടങ്ങളിൽ ഒരു സഹോദരി എന്ന നിലയിൽ എല്ലാ പിന്തുണയും അവൾ കൊടുത്തു. വിവേകവും ഉത്തരവാദിത്വമുള്ള ഒരു സഹോദരി എന്നതിലുപരി ഒരു പ്രവാചകനായി അനുഗ്രഹിക്കപ്പെട്ട ഒരു വർഷിപ്പ് ലീഡറായും ദൈവവചനം അവളെ പ്രകീർത്തിക്കുന്നു.

**3. സിപ്പോറ**

ബൈബിളിൽ അധികം പരാമർശിക്കപ്പെടാതെപോയ കഥാപാത്രമാണ് മോശയുടെ ഭാര്യയായ സിപ്പോറ. എന്നാൽ ദൈവകോപം മോശെയുടെ നേരെ ജ്വലിച്ചു ദൈവം അവനെ കൊല്ലുവാൻ ഭാവിച്ചപ്പോൾ (പുറപ്പാട് 4: 24 - 26) അത് മനസ്സിലാക്കി കൊണ്ട് തന്റെ മകന്റെ അഗ്രചർമ്മം ഛേദിച്ചു ദൈവത്തിന്റെ കാൽക്കൽ ഇട്ട് മരണം ഒഴിവാക്കിയവളാണ് വിവേകമതിയും ദൈവഭയവും ഉള്ളവളുമായ സിപ്പോറ. നമ്മുടെ ജീവിതം ലോകത്തിൽ വലിപ്പം ഉള്ളതല്ല എന്ന് ചിന്തിക്കുമ്പോൾ നമ്മോടു ബന്ധപ്പെട്ട് നിൽക്കുന്നവരുടെ രക്ഷയ്ക്കും വിടുതലിനുമായി ദൈവം നമ്മെ ഉപയോഗിക്കും എന്നതിന് ഉത്തമ ഉദാഹരണമാണ് സിപ്പോറ.

**4. രൂത്തും നവോമിയും**

ബൈബിളിൽ പ്രസിദ്ധിയാർജ്ജിച്ച മരുമകളും അമ്മായിയമ്മയും ആണ് രൂത്തും നവോമിയും. ഇന്നത്തെ തലമുറയ്ക്ക് മാതൃകയാക്കാൻ കഴിയുന്ന അഭേദ്യമായ സ്നേഹബന്ധത്തിന് ഉടമകൾ. ഇരുവരും മോവാബിൽവച്ച് വിധവകളായി. സകലവും നഷ്ടപ്പെട്ടു നിൽക്കുന്ന നവോമിക്ക് കൂട്ടായി രൂത്ത് അവരോടു ചേർന്നുനിന്നു. നവൊമിക്ക് തന്റെ മരുമകൾ ആയിരുന്ന രൂത്തിനോടുള്ള സ്നേഹം തന്റെ മകനും ഭർത്താവും നഷ്ടപ്പെടുന്നതിനു മുമ്പും ദൃഢം ആയിരുന്നിരിക്കാം. തന്റെ ഭവനത്തിൽ വന്നുകയറിയ അന്യജാതിക്കാരിയായ രൂത്തിനെ മകളായി കണ്ടു അവളെ ദൈവ സ്നേഹത്തിലേക്ക് നയിച്ചിരിക്കാം. അതുകൊണ്ട് തന്നെ ഭർത്താവ് നഷ്ടപ്പെട്ടിട്ടും അവൾ തന്റെ അമ്മായിയമ്മയോട് ചേർന്നു നിന്നു. നവൊമിയുടെ ദൈവം തന്റെയും ദൈവം എന്നുള്ള ഉറച്ച വിശ്വാസത്തിലേക്കും തീരുമാനത്തിലേക്കും അവളെ നയിച്ചു. ബേത്‌ലഹേമിലേക്ക് മടങ്ങി വന്നിട്ടും രൂത്ത് നവോമി പറഞ്ഞതെല്ലാം അതുപോലെ അനുസരിച്ചു. നവോമിയും തന്റെ മരുമകൾക്ക് വേണ്ടി ഏറ്റവും നല്ലത് ഒരുക്കിക്കൊടുത്തു. അതുകൊണ്ട് തന്നെ അന്യജാതിക്കാരിയായിരുന്ന രൂത്ത് പിന്നത്തേതിൽ യേശുവിന്റെ വംശാവലിയിൽ ഇടംനേടി. എല്ലാം നഷ്ടപ്പെട്ട അവസ്ഥയിൽ നിന്നും ദൈവം ഇരുവരെയും വീണ്ടെടുത്ത് ഒരു നിറവിലേക്ക് നയിച്ചു.

**തന്റെ ഭവനത്തിൽ വന്നുകയറിയ അന്യജാതിക്കാരിയായ രൂത്തിനെ മകളായി കണ്ടു അവളെ ദൈവ സ്നേഹത്തിലേക്ക് നയിച്ചിരിക്കാം. അതുകൊണ്ട് തന്നെ ഭർത്താവ് നഷ്ടപ്പെട്ടിട്ടും അവൾ തന്റെ അമ്മായിയമ്മയോട് ചേർന്നു നിന്നു.**

**5. മറിയ (ലൂക്കൊസ് 1: 26 - 56).**

ലോകം കണ്ടതിൽ വെച്ച് ഏറ്റവും ദൈവകൃപ ലഭിച്ച ഒരു സ്ത്രീയാണ് യേശുവിന്റെ അമ്മയായ മറിയ. യേശുവിന്റെ ജനനസമയം മുതൽ നാം എടുത്തുനോക്കിയാൽ താഴ്മയും വിനയവും ദൈവകല്പനയ്ക്ക് കീഴ്പ്പെടുന്നവളുമായിരുന്നു മറിയ. തന്റെ മകനായി പിറന്ന യേശുവിനെക്കുറിച്ചുള്ള ദൈവീക അരുളപ്പാടുകൾ അവൾ ഹൃദയത്തിൽ സംഗ്രഹിച്ചു പ്രാർത്ഥിച്ചുകൊണ്ടിരുന്നു. അനവധി പരീക്ഷകളിൽ കൂടി കടന്നുപോയിട്ടും തന്റെ വിശ്വാസം തള്ളിക്കളയാതെ ഉറച്ചുനിന്നു. അതുകൊണ്ട് തന്നെ മനുഷ്യർ അവളെ ഭാഗ്യവതി എന്ന് വാഴ്ത്തി.

നമുക്കു ലഭിച്ച കുഞ്ഞുങ്ങളെ പഥ്യോപദേശത്തിലും ദൈവകൃപയിലും വളർത്തിയെടുക്കാനും അവർക്കുവേണ്ടി പ്രാർത്ഥിക്കാനും അവരെ ദൈവീക വിഷയങ്ങളിൽ പ്രോത്സാഹിപ്പിക്കാനും ദൈവം നമ്മെയും സഹായിക്കട്ടെ.

**6. ലോവീസ്**

പൗലോസിന്റെ കൂട്ടാളിയായ തിമോത്തിയോസിന്റെ വലിയമ്മ ആയിട്ടാണ് നാം ബൈബിളിൽ ലോവീസിനെ കാണുന്നത്. തിമൊഥെയോസിന്റെമേൽ കണ്ട നിർവ്യാജ വിശ്വാസം ആദ്യം തന്റെ വലിയമ്മ ലോവീസിലും അമ്മ യുനീക്കയിലും കണ്ടു എന്ന് പൗലോസ് തന്നെ പറയുന്നു (2 തിമൊഥെയോസ് 1:5). തന്റെ കൊച്ചുമകനിലേക്ക് താൻ കൈക്കൊണ്ട വിശ്വാസത്തിന്റെ ആദ്യപാഠങ്ങൾ പകർന്നുകൊടുക്കുകയും അവനെ വിശ്വാസത്തിൽ വളർത്തുകയും ചെയ്തു. ആയതിനാൽ ജാതികളുടെ മുമ്പാകെ നല്ല സാക്ഷ്യമുള്ളവൻ ആയി മാറി.

അതുപോലെ മക്കൾക്കും കൊച്ചുമക്കൾക്കും നന്മ ഉപദേശിക്കാനും അവരെ ദൈവകൃപയിലേക്ക് നയിക്കുവാനും നമുക്കും കഴിയട്ടെ.

മേൽപ്പറഞ്ഞ ഓരോ സ്ത്രീ കഥാപാത്രങ്ങളും അവരെ ഏൽപ്പിച്ച നിലകളിൽ ദൈവത്തിനുവേണ്ടി പ്രയോജനം ഉള്ളവരായി നിലകൊണ്ടു. ഇനിയും അനേകം പേർ നമുക്ക് മുന്നിലുണ്ട്. പ്രവാചകിയും ന്യായാധിപയും ആയിരുന്ന ദബോര, രാഹാബ്, എസ്ഥേർ, ഹന്ന തുടങ്ങി വിവിധ മേഖലകളിൽ ഉപയോഗിച്ച സഹോദരിമാർ നമുക്ക് എന്നും ഒരു മാതൃകയായിരിക്കട്ടെ. ദൈവത്തിന്റെ കരങ്ങളിൽ ഏൽപ്പിച്ചു കൊടുക്കാൻ നാം തയ്യാറാകുമ്പോൾ ദൈവം നമ്മെയും അവന്റെ കൈയ്ക്ക് ഇണങ്ങിയ പാത്രങ്ങളായി ഉപയോഗിക്കും. പൊൻവെള്ളി പാത്രങ്ങളായില്ല എങ്കിലും ദൈവകരങ്ങളിൽ ഉപയോഗിക്കപ്പെടാൻ സന്നദ്ധമായിരിക്കുന്ന വിശുദ്ധവും ഉടമസ്ഥന് ഉപയോഗവും ആയ മാനപാത്രങ്ങൾ ആക്കി ദൈവം നമ്മെ മാറ്റി എടുക്കട്ടെ.

**വിശ്വാസസത്യത്തിൽ നിന്നും ഒരിഞ്ചുപ്പോലും പിന്നോട്ടില്ലെന്ന് ഉറക്കെ പ്രഖ്യാപിച്ച് അർധരാത്രിയിൽ കോശി വീട് വിട്ടിറങ്ങി. മൂന്നുമാസം പ്രായമുള്ളപ്പോൾ മാതാവിനെ നഷ്ടപ്പെട്ടു. ഇപ്പോൾ പിതാവ് തന്നെ ഉപേക്ഷിച്ചിരിക്കുന്നു. ഞാൻ നിന്നെ ഒരുനാളും തള്ളികളയുകയില്ല എന്ന ദൈവശബ്ദം കോശിയെ വിശ്വാസത്തിൽ ഉറപ്പിച്ചു.**

# സഫലമീ ജീവിതം



**ഷിബു മുള്ളംകാട്ടിൽ**

**വൈദിക വിദ്യാഭ്യാസം പരിശുദ്ധാത്മാവിന്റെ എതിർ ദിശയായി വീക്ഷിച്ചിരുന്ന കാലത്തു സെമിനാരി എന്ന പേരിട്ടുകൊണ്ടു ദൈവ ശാസ്ത്രത്തിന്റെ ആഴമേറിയ പഠനങ്ങൾക്കായി വാതിലുകൾ തുറന്നു വെച്ച ദീർഘദർശി... സുവർണ ജൂബിലി പിന്നിട്ട ഫെയ്ത്ത് തിയോളജിക്കൽ സെമിനാരി ലോകത്തിനു സമ്മാനിച്ച നാലായിരത്തോളം സുവിശേഷകരുടെ 'അച്ചായൻ'...ശാരോൻ ഫെല്ലോഷിപ്പ് ചർച്ചിന് രണ്ടു പതിറ്റാണ്ടു ദിശാബോധം നൽകിയ മുൻ ജനറൽ പ്രസിഡന്റ്... വിശ്വാസം എന്ന വാക്കിന് പ്രായോഗിക തലത്തിൽ അർഥം കണ്ടെത്തിയ അപ്പോസ്തോലൻ...ദൗത്യം പൂർത്തിയാക്കി നിത്യതയിൽ ചേർക്കപ്പെട്ട ഡോ.റ്റി.ജി. കോശിയുടെ ജീവിത വഴികൾ...**

1962. മദ്രാസിലെ അമേരിക്കൻ കോൺസുലേറ്റിൽ എത്തിയ യുവാവിനെ കണ്ടപ്പോൾ സായിപ്പിന് ചിരിയടക്കുവാൻ കഴിഞ്ഞില്ല. വേഷം മുണ്ടും ഉപദേശിമോഡൽ ഷർട്ടും! സായിപ്പിന്റെ ചോദ്യങ്ങൾ ഒന്നും യുവാവിനും മനസ്സിലായില്ല. മറുപടി 'തിയോളജി, സ്കോളർഷിപ്പ്' എന്ന വാക്കുകളിൽ മാത്രം ഒതുങ്ങി ഒടുവിൽ യുവാവിന് അമേരിക്കയിൽ വേദപഠനത്തിനുള്ള വീസ ലഭിച്ചു. മുണ്ടു ധരിച്ചുകൊണ്ട് എങ്ങനെയാണ് അമേരിക്കയിലേക്കു പോകുന്നത്? പാന്റ്സ് വാങ്ങാനുള്ള പണം ഇല്ല. ഒടുവിൽ ശാരോൻ തോമാച്ചായൻ (പാസ്റ്റർ പി.ജെ. തോമസ്) സഹായത്തിനെത്തി, അദ്ദേഹം ഉപയോഗിച്ചു കൊണ്ടിരുന്ന പാന്റ്സിൽ അല്പം മിനുക്കുപണി നടത്തി വിഷയം പരിഹരിച്ചു. ഈ യുവാവാണ് പിന്നീട് പെന്തെക്കോസ്തു സമൂഹത്തിന്റെ അഭിമാനമായി ഉയർന്ന തേക്കനാൽ തടത്തിൽ ജോർജ് കോശി എന്ന പാസ്റ്റർ റ്റി.ജി കോശി.

ഒറ്റനോട്ടത്തിൽ മുഖത്ത് അല്പം ഗൗരവം തന്നെ! അതിന്റെ ഘനം അല്പം കൂടെ വർധിപ്പിക്കുന്ന കണ്ണട. ഒത്ത ഉയരം. ശുഭ്രവസ്ത്രധാരി. വെജിറ്റേറിയൻ ഭക്ഷണത്തോടു മാത്രം താല്പര്യം. ആത്മീയ വിഷയങ്ങളിൽ യാതൊരു വിട്ടുവീഴ്ചക്കും തയ്യാറാകാത്ത പ്രകൃതം. ഇതായിരുന്നു കോശി സാർ. രാവിലെ രണ്ടു മണിക്കു ഉണരുന്ന താൻ ഒരു കൊച്ചുകുട്ടിയെപ്പോലെ ദൈവസന്നിധിയിൽ പൊട്ടികരയുമായിരുന്നു. കണ്ണുനീരിന്റെ ആഴങ്ങളിൽ നമ്മുടെ കർത്താവിന് പ്രത്യക്ഷപ്പെടാതിരിക്കുവാൻ കഴിയില്ലെന്ന് പാസ്റ്റർ കോശി വിശ്വസിച്ചു. അദ്ദേഹത്തിന്റെ വിശ്വാസ പ്രഖ്യാപനം ഇതായിരുന്നു "He Knows what I need, when I need, How much I need".

1933 മെയ് 26 നു അടൂരിനടുത്തുള്ള ഏനാത്താണ് റ്റി.ജി കോശിയുടെ ജനനം. ജോർജ് – അന്നമ്മ ദമ്പതികളുടെ ഏഴു മക്കളിൽ ഇളയ മകനായതിനാൽ കുഞ്ഞുമോൻ എന്ന ഓമനപ്പേരും ലഭിച്ചു. കോശിക്ക് മൂന്നു മാസം പ്രായമുള്ളപ്പോൾ മാതാവ് മരിച്ചു. മാതൃവാത്സല്യവും കരുതലും ലഭിക്കാതിരുന്ന കുട്ടിയെ വല്യപ്പച്ചനാണ് വളർത്തിയത്. സാധു കൊച്ചുകുഞ്ഞുപദേശി നടത്തിയ യോഗത്തിൽ പങ്കെടുത്ത പതിനാലു വയസ്സുകാരൻ കോശി രക്ഷാനിർണയം പ്രാപിച്ചു. സ്കൂൾ ഗ്രൗണ്ടിലെ പറങ്കിമാവിന്റെ ചുവട്ടിൽ പ്രാർത്ഥനായോഗം ആരംഭിച്ചതോടെ 'ഉപദേശി' എന്ന വിളിപ്പേരും ലഭിച്ചു. ഈ യോഗത്തിൽ നിരവധി വിദ്യാർത്ഥികൾ യേശുവിനെ രക്ഷകനായി സ്വീകരിച്ചു. പത്താം ക്ലാസ് വിജയിച്ചപ്പോൾ ഉപരിപഠനത്തിനായി പന്തളം എൻ.എസ്.എസ് കോളേജിൽ ചേർന്നു. യൗവനത്തിന്റെ ചാപല്യങ്ങൾ കോശിയെയും കീഴടക്കി. സമർത്ഥനായിരുന്ന കോശിക്ക് ഇന്റർമീഡിയറ്റ് പഠനം പൂർത്തീകരിക്കുവാൻ കഴിഞ്ഞില്ല. തുടർന്ന് ചില ബിസിനസ്സുകൾ നടത്തിയെങ്കിലും എല്ലാം പരാജയത്തിൽ കലാശിച്ചു.

**ഒളിച്ചോട്ടം അവസാനിച്ചത് മാനസാന്തരത്തിൽ**

കടുത്ത സാമ്പത്തിക പ്രതിസന്ധിമൂലം റ്റി.ജി കോശി ബോംബയിലേക്ക് നാടുവിടുവാൻ തീരുമാനിച്ചു. ആത്മീയ ഉൾക്കാഴ്ച തനിക്കു നഷ്ടമായി. ആലപ്പുഴയിലെ ബന്ധുവീട്ടിലെത്തിയപ്പോൾ ബോംബയിലേക്കു പോകുവാനുള്ള വഴിയും അടഞ്ഞു. ഒടുവിൽ വളഞ്ഞവട്ടത്തുള്ള സഹോദരിയുടെ അരികിലെത്തി. അവിടെ റാഹേലമ്മ സന്യാസിനി താമസിച്ചിരുന്നു. സാധുകൊച്ചുകുഞ്ഞുപദേശിയോടൊപ്പം പ്രവർത്തിച്ചിരുന്ന റാഹേലമ്മ സന്യാസിനി എന്ന സുവിശേഷ പോരാളിയുടെ ജീവിത കഥ കോശിയെ ആഴമായി സ്പർശിച്ചു. ആത്മീയപാതയിൽ നിന്നും പിൻമാറിയതോർത്ത് ആ യുവഹൃദയം പശ്ചാത്തപിച്ചു. പാസ്റ്റർ വി.ജി ജോൺ ശുശ്രൂഷിക്കുന്ന സഭയിലെ ആരാധനാ യോഗത്തിൽ പങ്കെടുത്തു. ഇനി ഒരിക്കലും ദൈവവഴിയിൽ നിന്നും പിൻതിരിയില്ലെന്ന് ഉറച്ച തീരുമാനമെടുത്തു. റ്റി. ജി കോശിയെ വിശ്വാസത്തിൽ ഉറപ്പിച്ചത് ആത്മീയ ഗുരുവായിരുന്ന പാസ്റ്റർ വി.ജി ജോണാണ്.

ജോലിതേടി തൃശ്ശൂരിലെത്തിയ റ്റി.ജി കോശി പാസ്റ്റർ കെ.വി. ജോസഫ് ശുശ്രൂഷിച്ച പഴഞ്ഞി അപ്പോസ്തലിക് ഫെയ്ത്ത് മിഷനിലെ ആത്മീയ കൂട്ടായ്മകളിൽ പങ്കെടുത്തു. 1958 മെയ് 14 നു പഴഞ്ഞിയിൽ പാസ്റ്റർ വി.ജി ജോണിന്റെ കൈക്കീഴിൽ സ്നാനമേറ്റു. മണക്കാലയിലെ ഭവനത്തിലെത്തിയപ്പോൾ ക്ഷുഭിതനായ പിതാവാണ് വരവേറ്റത്. വിശ്വാസസത്യത്തിൽ നിന്നും ഒരിഞ്ചുപ്പോലും പിന്നോട്ടില്ലെന്ന് ഉറക്കെ പ്രഖ്യാപിച്ച് അർധരാത്രിയിൽ കോശി വീട് വിട്ടിറങ്ങി. മൂന്നുമാസം പ്രായമുള്ളപ്പോൾ മാതാവിനെ നഷ്ടപ്പെട്ടു. ഇപ്പോൾ പിതാവ് തന്നെ ഉപേക്ഷിച്ചിരിക്കുന്നു. ഞാൻ നിന്നെ ഒരുനാളും തള്ളികളയുകയില്ല എന്ന ദൈവശബ്ദം കോശിയെ വിശ്വാസത്തിൽ ഉറപ്പിച്ചു. തുടർന്നു സഹോദരിയുടെ ഭവനത്തിൽ കുറെ നാളുകൾ കഴിഞ്ഞെങ്കിലും സത്യവിശ്വാസപാത അവിടെയും കോശിയെ അനിഷ്ടനാക്കി. ഒടുവിൽ പാസ്റ്റർ വി.ജി ജോണിനൊപ്പം താമസമാക്കി. പൂർണ്ണസമയ സുവിശേഷകനായി ദൈവകരങ്ങളിൽ റ്റി.ജി കോശി സമർപ്പിച്ചു. അതിരാവിലെ തന്നെ കോശി എന്ന ഒറ്റയാൻ പട്ടാളം സുവിശേഷ പ്രചരണം ആരംഭിക്കും. വലതു കൈയ്യിൽ ബൈബിളും ഒരു കെട്ട് ട്രാക്റ്റും, ഇടതു കൈയ്യിൽ ഒരു പെട്രോമാക്സ്, തോളിൽ തമ്പേറ് തൂക്കിയിടും ഇരുൾ വീഴുന്നതോടെ ഈ യാത്ര മൈലുകൾ പിന്നിട്ടിരിക്കും. മിക്കപ്പോഴും വയർ കാലിയാണെങ്കിലും ആത്മീയ ദാഹം ആവേശം പകർന്നു. നല്ല ഉയരവും ഒത്തശരീരവുമുള്ള ഈ യുവാവിനെ കണ്ടാൽ പട്ടിണി പാവമാണെന്ന് ആർക്കും തോന്നുകയില്ല.

**വേദപഠനം അമേരിക്കയിൽ**

അമേരിക്കയിൽ വേദപഠനത്തിനുള്ള വഴി ദൈവം അ

ത്ഭുതകരമായി ഒരുക്കി. 1963 ൽ കൊച്ചിയിൽ നിന്നും കപ്പലിലാണ് യാത്ര തിരിച്ചത്. വിട്ടുമാറാത്ത ഛർദ്ദിൽ പിടിപ്പെട്ട കോശി തീർത്തും അവശനായി എങ്കിലും ദൈവത്തിൽ അടിയുറച്ചു വിശ്വസിച്ചു. 28 ദിവസങ്ങൾ പിന്നിട്ടപ്പോൾ കപ്പൽ ന്യൂയോർക്കിലെത്തി. പോക്കറ്റിൽ ആകെ എട്ടു ഡോളർ മാത്രം. കപ്പിത്താൻ 20 ഡോളർ കോശിക്ക് സമ്മാനിച്ചു. തനിക്കു മുൻപരിചയമില്ലാത്ത വ്യക്തിയിൽ കൂടിയും ദൈവീക പ്രവൃത്തി വെളിപ്പെട്ടതിൽ കോശി അത്ഭുതപ്പെട്ടു. ഗാർലന്റ് ബാപ്റ്റിസ്റ്റ് ബൈബിൾ കോളേജിലെ പഠനം മറ്റൊരു വിസ്മയമായിരുന്നു. ഭാഷാ പ്രാവീണ്യം ഇല്ലാത്ത താൻ ദൈവസന്നിധിയിൽ മുട്ടുമടക്കി. സ്വർഗ്ഗീയ ജ്ഞാനം ലഭിച്ച റ്റി.ജി. കോശി ഉയർന്ന ഗ്രേഡുകൾ കരസ്ഥമാക്കി. കോളേജ് മുറികൾ വൃത്തിയാക്കുന്നതിനു ലഭിച്ച പ്രതിഫലം ഫീസിനായി വിനിയോഗിച്ചു. ഗാർലന്റ് ബാപ്റ്റിസ്റ്റ് ബൈബിൾ കോളേജിലെ ഒരു വർഷത്തെ പഠനശേഷം സൗത്ത് വെസ്റ്റേൺ അസംബ്ലീസ് ഓഫ് ഗോഡ് കോളേജിൽ ചേർന്നു. അമേരിക്കയിലും കോശിയിലെ 'കവല ഉപദേശി' മാറിയില്ല. എല്ലാ ദിവസവും ലഘുലേഖ വിതരണം നടത്തി, അനേകരോടു വ്യക്തിപരമായി സുവിശേഷം പങ്കു വെച്ചു. വേദവിദ്യാർത്ഥിയായ റ്റി.ജി. കോശി 1965 ൽ മാത്രം 286 പേരെ വിശ്വാസ അനുഭവത്തിലേക്ക് നയിച്ചു.

വേദപഠനം വിജയകരമായി പൂർത്തീകരിച്ച റ്റി.ജി കോശി ഇന്ത്യയിലേക്ക് മടങ്ങുവാൻ തീരുമാനിച്ചു. തന്റെ പ്രവർത്തനങ്ങളാൽ രക്ഷിക്കപ്പെട്ടവർ ഡാളസിൽ അവരുടെയിടയിൽ ശുശ്രൂഷ ചെയ്യുവാൻ നിർബന്ധിച്ചെങ്കിലും ഭാരതത്തെക്കുറിച്ചുള്ള ആത്മഭാരത്തിൽ ക്ഷണം നിരസിച്ചു. 1966 ഡിസംബർ 15 ന് ഇന്ത്യയിലേക്ക് മടങ്ങിയ കോശിയെ കൊച്ചിയിൽ സ്വീകരിക്കുവാൻ പിതാവ് മുൻനിരയിലുണ്ടായിരുന്നു. വിശ്വാസത്തിന്റെ പേരിൽ വീട്ടിൽ നിന്നും ഇറക്കി വിട്ട പിതാവിന്റെ കരം പിടിച്ചു കുഞ്ഞുമോൻ അഭിമാനത്തോടെ മണക്കാലായിലെ ഭവനത്തിലെത്തി. 34-ാം വയസ്സിലാണ് റ്റി.ജി. കോശി കുടുംബ ജീവിതത്തിലേക്ക് പ്രവേശിച്ചത്. പരുമല പുല്ലംപ്ലാവിൽ പൊന്നമ്മ ജീവിതസഖിയായി.

**മണക്കാലായിൽ പതിച്ച രക്തത്തുള്ളികൾ**

മണക്കാലാ കേന്ദ്രീകരിച്ചു റ്റി.ജി കോശിയുടെ പ്രവർത്തനങ്ങൾ ശക്തമായി. വാടക വീട്ടിലെ ആരാധനക്കെതിരായി ഭീഷണികൾ ഉയർന്നു. സ്വന്തമായി സ്ഥലം വാങ്ങി കപ്പത്തണ്ടും ഓലക്കീറും കൊണ്ട് കുടിലുണ്ടാക്കി ആരാധന തുടർന്നു. ഓരോ ആഴ്ചയിലും പുതിയ ആത്മാക്കൾ വന്നു കൊണ്ടിരുന്നു. മണക്കാല ജംഗ്ഷനിൽ പരസ്യയോഗം നടത്തുമ്പോൾ സുവിശേഷ വിരോധി ആക്രമിച്ചു. പാസ്റ്റർ റ്റി.ജി കോശിയുടെ തലയിൽ ശക്തമായ അടിയേറ്റു. സ്വന്തം നാട്ടിൽ നിന്നും ലഭിച്ച കിരീടം. കല്ലേറേറ്റ് പാസ്റ്റർ പി.ജി ജേക്കബിന്റെ തലപൊട്ടി രക്തം പ്രവഹിച്ചു. ദൈവദാസന്മാരുടെ രക്തം പതിച്ച മണ്ണിൽ സുവിശേഷ വിത്തുകൾ തഴെച്ചു വളർന്നു. മണക്കാല ഗ്രാമം ഇന്ന് അറിയപ്പെടുന്നതുതന്നെ പാസ്റ്റർ റ്റി.ജി കോശി സ്ഥാപിച്ച സെമിനാരിയുടെ പേരിലാണ് എന്നത് ദൈവനീതിയാണ്.

**വിശ്വാസത്തിന്റെ വേദപാഠശാല**

1970 സെപ്റ്റംബർ 21 ന് ഫെയ്ത്ത് ചാപ്പൽ ആൻഡ് ബൈബിൾ ഇൻസ്റ്റിട്ട്യൂട്ട് ആരംഭിച്ചു. 22 വിദ്യാർത്ഥികളും നാല് അധ്യാപകരും പരിമിതമായ സാഹചര്യവുമാണ്ഉണ്ടായിരുന്നത്. താൽക്കാലികമായി നിർമ്മിച്ച ഓലമേഞ്ഞ ഷെഡിലായിരുന്നു ചില ക്ലാസുകൾ നടന്നത്. 1988 ൽ ഫെയ്ത്ത് തിയോളജിക്കൽ സെമിനാരി എന്നു നാമകരണം ചെയ്തു. സെമിനാരി എന്ന പദം പലർക്കും ഉൾകൊള്ളുവാൻ കഴിയാതിരുന്ന കാലത്താണിത്. 1989 അധ്യായന വർഷം മുതൽ സെറാംപൂർ യൂണിവേഴ്സിറ്റിയുടെ അംഗീകാരം ലഭിച്ചു. അനുഭവ പരിചയവും ഉയർന്ന അക്കാദമിക് നിലവാരവുമുള്ള അധ്യാപകരുടെ സേവനം സെമിനാരിയുടെ വളർച്ചയ്ക്ക് നിർണായകമായി. ഇന്ത്യയിലെ തന്നെ ഏറ്റവും വിശാലമായ വേദശാസ്ത്ര ലൈബ്രറിയാണ് ഇവിടെയുള്ളത്. 2012 ൽ സെറാംപൂർ യൂണിവേഴ്സിറ്റിയുടെ കീഴിൽ ഡോക്ടറൽ റിസേർച്ച് സെന്ററായും എഫ്.റ്റി.എസ് ഉയർത്തപ്പെട്ടു. തിരുവചനം അഭ്യസിപ്പിക്കുക മാത്രമല്ല ആത്മാക്കളെ നേടുക എന്നതും തന്റെ ദൗത്യമാണെന്ന് പാസ്റ്റർ കോശി തിരിച്ചറിഞ്ഞു. ഫെയ്ത്ത് മിനിസ്ട്രീസ് ഉത്തരഭാരതത്തിലെ സുവിശേഷ പ്രവർത്തനങ്ങൾക്കു ശക്തമായ അടിത്തറപാകി. ഫെയ്ത്ത് തിയോളജിക്കൽ കോളേജ് ഫോർ വിമൺ, ഫെയ്ത്ത് ബൈബിൾ ട്രെയിനിംഗ് സെന്റർ, വിശ്വാസ ശബ്ദം റേഡിയോ പ്രക്ഷേപണം, എക്സ്റ്റൻഷൻ എഡ്യൂക്കേഷൻ, തയ്യൽ പരിശീലനം കേന്ദ്രം തുടങ്ങിയവയുടെ പ്രവർത്തനങ്ങളിലൂടെ ആയിരക്കണക്കിനാളുകൾക്ക് ആത്മീയ വെളിച്ചം പകർന്നു. നിരവധി ജീവകാരുണ്യ പ്രവർത്തനങ്ങൾക്കും നേതൃത്വം നൽകി.

**ശാരോൻ നേതൃത്വനിരയിൽ**

ശാരോൻ ഫെലോഷിപ്പ് ചർച്ച് കൗൺസിൽ അംഗമായി 1975 മുതൽ പാസ്റ്റർ റ്റി.ജി. കോശി പ്രവർത്തിച്ചു. യുവജന വിഭാഗമായ സി.ഇ.എം പ്രസിഡന്റായി തിളക്കമാർന്ന പ്രവർത്തനം നടത്തി. ശാരോൻ ഫെലോഷിപ്പ് വൈസ് പ്രസിഡന്റായിരുന്ന പാസ്റ്റർ റ്റി.ജി കോശി, പാസ്റ്റർ പി.ജെ തോമസിന്റെ മരണശേഷം പ്രസിഡന്റ് പദവിയിലെത്തി. സഭാ പ്രസിഡന്റായി ദീർഘമായ രണ്ടു പതിറ്റാണ്ടുകൾ ശക്തമായ നേതൃത്വമാണ്   അദ്ദേഹം നൽകിയത്. പാസ്റ്റർ റ്റി.ജി കോശിയുടെ പ്രഭാഷണം പ്രായോഗിക ക്രിസ്തീയ ജീവിതത്തിലേക്ക് നയിച്ചു. വിശുദ്ധി, വിശ്വസ്തത, വിശ്വാസം എന്നീ വിഷയങ്ങളാണ് ഊന്നി പറയുന്നത്. സാങ്കല്പിക കഥകളൊന്നും പറയില്ല , ബൈബിൾ കഥാപാത്രങ്ങളെയാണ് വിശദീകരിക്കുന്നത്. പുസ്തകങ്ങളിലെ ഉദാഹരണങ്ങളേക്കാൾ പുസ്തകത്തിലെ ഉദാഹരണമാണ് ഉചിതമെന്ന് പാസ്റ്റർ കോശി പറയുമായിരുന്നു.  മനുഷ്യനോടുള്ള ദൈവത്തിന്റെ സന്ദേശം, വിശ്വാസസന്ദേശം എന്നീ ഗ്രന്ഥങ്ങളും വിവിധ പ്രസിദ്ധീകരണങ്ങളിലായി ഈടുറ്റ ലേഖനങ്ങളും രചിച്ചിട്ടുണ്ട്. പെൻസിൽവേനിയയിലെ ട്രാൻസീൽവാനിയ ബൈബിൾ സ്കൂൾ 1986 മെയ് 25 ന് പാസ്റ്റർ റ്റി.ജി കോശിക്ക് ഓണററി ഡോക്ടറേറ്റ് നൽകി ആദരിച്ചു.

**എബനേസർ കുടുംബം**

പാസ്റ്റർ റ്റി.ജി കോശിയുടെ ജീവിതയാത്രയിൽ ഏറ്റവും തളർന്നുപോയ സംഭവമായിരുന്നു ഭാര്യ പൊന്നമ്മയുടെ മരണം. 38-ാം വയസ്സിൽ പ്രിയതമ വിടവാങ്ങുമ്പോൾ മൂന്നു പെൺമക്കളിൽ ഇളയവൾക്ക് ഏഴ് വയസ്സ് മാത്രം. ഒരു വർഷത്തിനുശേഷം പാസ്റ്റർ കോശി വീണ്ടും വിവാഹിതനായി. മണക്കാല എബനേസർ വീട്ടിലേക്ക് പാസ്റ്റർ കോശിക്കും മക്കൾക്കും തണലായി എത്തിയത് റാന്നി പുല്ലംപള്ളിൽ ഏലിയാമ്മയാണ്. ഏറെ സുവിശേഷ ദർശനമുള്ള ഏലിയാമ്മ എംഎ ബിഡി ബിരുദധാരിയാണ്. വിദ്യാസമ്പന്നരും ആത്മീയ തീക്ഷ്ണതയുമുള്ള മക്കളും മരുമക്കളും അടങ്ങുന്നതാണ് മണക്കാല എബനേസർ കുടുംബം. ഡോ. ആനി ജോർജ് - ഡോ. അലക്സി ഇ. ജോർജ്, ഡോ. സൂസൻ മാത്യു - ഡോ. മാത്യു സി. വർഗീസ്, റൂബി മാത്യൂസ് - പാസ്റ്റർ മാത്യൂസ് എം.കുര്യൻ, സാം. ജി. കോശി - രെഞ്ചി സാം എന്നിവർ വിവിധ ആത്മീയ ശുശ്രൂഷകളിൽ പ്രശോഭിക്കുന്നു. ഫെബ്രുവരി 13 നു പാസ്റ്റർ റ്റി ജി കോശിയുടെ മരണത്തിലൂടെ അസ്തമിച്ചതു സമകാലിക  പെന്തക്കോസ്ത് സമൂഹത്തിന്റെ സൂര്യ തേജസാണ്.

(പാസ്റ്റർ റ്റി ജി കോശിയുടെ ജീവചരിത്ര  പുസ്തകമായ 'വിശ്വാസത്തിന്റെ മുന്നേറ്റം ' രചയിതാവാണ് ലേഖകൻ)



പാസ്റ്റർ റ്റി.ജി. കോശിയോടൊപ്പം ഷിബു മുള്ളംകാട്ടിൽ.

# കുഞ്ഞേ, ധൈര്യമായി കുത്തിക്കോളൂ...

**2002** ൽ ഡോ.റ്റി ജി കോശിയുടെ ജീവചരിത്ര രചന നിർവഹിക്കുവാൻ ഞാനുമായി ബന്ധപ്പെടുന്നത് പ്രിയ സ്നേഹിതൻ പാസ്റ്റർ വി.പി. ഫിലിപ്പാണ്. ഞങ്ങൾ ഇരുവരും മണക്കാല എബനേസർ ഭവനത്തിലെത്തി. ആദ്യ കൂടിക്കാഴ്ചയിൽ തന്നെ ഇതൊരു ദൈവനിയോഗമാണെന്നു ഞാൻ തിരിച്ചറിഞ്ഞു. രണ്ടു കാര്യങ്ങളാണ് കോശിച്ചായൻ നിർദ്ദേശിച്ചത്, ജീവചരിത്ര രചന പരമാവധി ചുരുക്കണം. മറ്റൊന്ന് ഇതുമൂലം വായനക്കാരുടെ വിശ്വാസം വർധിക്കണം.

അച്ചായനോടൊപ്പം നടത്തിയ കൂടിക്കാഴ്ചകൾ എന്റെ ജീവിതത്തിൽ പുതിയ ഊർജം പകർന്നു. ചുരുങ്ങിയ ദിവസങ്ങൾകൊണ്ട് വലിയ ആത്മബന്ധമായി. എന്റെ നാട്ടുകാരിയായ മോളിമാമ്മ എല്ലാ പിന്തുണയും നൽകി. മക്കളും മരുമക്കളും അച്ചായനെപ്പറ്റി വാചാലരായി. വീട്ടിലുള്ള കൊച്ചുകുട്ടിയായ അർപ്പിത (റൂബി മാത്യൂസിന്റെ മകൾ) കുസൃതിയോടെ ഞങ്ങളെ വീക്ഷിച്ചു. ദൈവം നടത്തിയ വിധങ്ങൾ വർണ്ണിക്കുമ്പോൾ അച്ചായന്റെ കണ്ണുകൾ നിറഞ്ഞൊഴുകി. ' കുഞ്ഞേ ദൈവം വിശ്വസ്തൻ ' എന്ന് പലതവണ ഉരുവിട്ടു. 2003 ജനുവരിയിൽ മണക്കാല കൺവൻഷനിൽ ജീവചരിത്ര ഗ്രന്ഥം 'വിശ്വാസത്തിന്റെ മുന്നേറ്റം' പ്രകാശനം ചെയ്തു. അന്നേ ദിവസം മാന്യമായ ഒരു ഗിഫ്റ്റും അച്ചായൻ എനിക്ക് നൽകി.

88 വയസുവരെ അച്ചായൻ കർമ്മനിരതൻ ആയിരുന്നു. ലോകത്തിലുടനീളം കർത്താവിന്റെ ദൂതുവാഹിയായി. യുഎഇയിൽ എത്തുമ്പോൾ ഒക്കെ ഞങ്ങൾ ഒരുമിച്ചു കൂടി. അച്ചായന് എൺപതു വയസു തികഞ്ഞപ്പോൾ ദുബായിൽ ആദരിക്കാനും ഭാഗ്യം ഉണ്ടായി. ശാരോൺ ഫെല്ലോഷിപ്പ് ചർച്ച് യുഎഇ, മന്നാ പബ്ലിക്കേഷൻ, ഗൾഫ് മലയാളീ ക്രിസ്ത്യൻ റൈറ്റേഴ്സ് ഫോറം എന്നിവ സംയുക്തമായി നടത്തിയ യോഗത്തിനു  പ്രിയ സ്നേഹിതൻ പാസ്റ്റർ ടൈറ്റസ് ജോൺസനാണ് ചുക്കാൻ പിടിച്ചത്.

അവസാനമായി ദുബായിൽ എത്തിയപ്പോഴും അച്ചായൻ ഭവനത്തിലെത്തി. ഭക്ഷണശേഷം ഇൻസുലിൻ കുത്തിവെക്കുവാൻ എന്നോടു ആവശ്യപ്പെട്ടു. നിസാരമെങ്കിലും അതുവരെ ചെയ്യാത്ത കാര്യം! കുഞ്ഞേ, ധൈര്യമായി കുത്തിക്കോളൂ എന്ന് പറഞ്ഞപ്പോൾ എന്റെ ഭയം മാറി. ജീവചരിത്രം എഴുതുവാൻ മാത്രമല്ല അച്ചായനെ 'കുത്തുവാനും' എനിക്ക് അവസരം ഉണ്ടായി എന്ന് പറഞ്ഞപ്പോൾ ആ മുഖത്തു പുഞ്ചിരി വിടർന്നു!

2020 ഡിസംബറിൽ മരുപ്പച്ച പത്രാധിപർ പ്രിയപ്പെട്ട അച്ചൻകുഞ്ഞു ഇലന്തൂർ ആവശ്യപ്പെട്ടതനുസരിച്ചു ഒരു ഫീച്ചർ എഴുതുവാൻവേണ്ടി ഞാൻ അച്ചായനെ ഫോണിൽ വിളിച്ചു സംസാരിച്ചു. കോവിഡ് കാലത്തും വിശ്രമം ഇല്ലാത്ത തന്റെ പ്രവർത്തങ്ങൾ അച്ചായൻ ഓർമിപ്പിച്ചു. 'വിശ്വാസമീ ജീവിതം' എന്ന കവർ സ്റ്റോറി മരുപ്പച്ച ഡിസംബർ 20 ലക്കത്തിൽ പ്രസിദ്ധീകരിച്ചു. ഡോ. റ്റി.ജി. കോശി എന്ന വിശുദ്ധനായ ദൈവ മനുഷ്യന്റെ ജീവിത വഴികൾ പകർത്തുവാൻ എളിയവനായ എനിക്ക് ലഭിച്ച അവസരം ഭാഗ്യമായി കരുതുന്നു. മണക്കാല ഗ്രാമം ലോകത്തിനു സമ്മാനിച്ച ആ പ്രകാശ ഗോപുരത്തിന്  പ്രത്യാശയോടെ വിട...

# സൗമ്യതയുടെ മുഖം

## കെ.സി. ജോസഫച്ചായൻ നാട്ടിലേക്കു മടങ്ങി



**നാട്ടിലെത്തി കൂടുതൽ സമയം സുവിശേഷപ്രവർത്തനങ്ങളിൽ പങ്കാളികളാകുവാനുള്ള ആഗ്രഹത്തിലാണ് യാത്ര. വ്യക്തിപരമായി അനേകരോട് സുവിശേഷം പങ്കുവെക്കണമെന്നുള്ള ആഗ്രഹത്തിലാണ് ഇരുവരും.**

അരനൂറ്റാണ്ടോളം നീണ്ട പ്രവാസജീവിതം അവസാനിപ്പിച്ച് പത്തനാപുരം ചാമക്കാല പുത്തൻവീട്ടിൽകൊച്ചെറിയ ജോസെഫും, സഹധർമ്മിണി ഓമനജോസഫും നാട്ടിലേക്കുമടങ്ങി. നാളിതുവരെ ജീവിതത്തിൽ വ്യാപരിച്ച അളവറ്റ ദൈവകൃപയുടെ അനുവഭവങ്ങൾ ചുരുക്കമായി അബുദാബിയിൽ, മുറൂർറോഡിലെ തന്റെ ഭവനത്തിലിരുന്ന് താൻ പങ്കുവെച്ചു.

1951 നവംബർ ഒന്നാം തീയതിയാണ് ജനനം. പിതാവ് ചാമക്കാല പുത്തൻവീട്ടിൽ ശ്രീ. മാത്തൻകൊച്ചെറിയ, മാതാവ് മറിയാമ്മ. കെ.സി ജോസഫിന്റെ മാതാപിതാക്കൾ വർഷങ്ങൾക്കു മുൻപ് തിരുവല്ലയിൽനിന്നും പത്തനാപുരത്തേക്കു താമസം മാറിയവരായിരുന്നു. ജനനവും, ബാല്യകാലജീവിതവുമെല്ലാം ഓർത്തഡോക്സ് വിശ്വാസപ്രകാരം ആയിരുന്നു. തനി ഗ്രാമീണപശ്ചാത്തലത്തിൽ വളരെ ചിട്ടയോടെയുള്ള ജീവിതരീതി. ഭക്തരായ മാതാപിതാക്കൾ, സ്നേഹസമ്പന്നരായ എട്ടു സഹോദരങ്ങൾ. ക്രമീകൃതമായ സൺഡേസ്കൂൾ പഠനവും, അറിഞ്ഞ വിശ്വാസത്തിനനുസരിച്ചുള്ള ചിട്ടയായ ജീവിതരീതിയും ചെറുപ്പത്തിലേ ശീലിച്ചു.

കെ.സി ജോസഫിന് 13 വയസു പ്രായമുള്ളപ്പോൾ, സ്നേഹനിധിയായ മാതാവ് ലോകത്തിൽ നിന്ന് മാറ്റപ്പെട്ടു. മാതാവിന്റെ സ്മരണയിൽ തന്റെ കണ്ഠമിടറുന്നതു ഞാൻ ശ്രദ്ധിച്ചു. സ്കൂൾവിദ്യാഭ്യാസത്തിനുശേഷം, മൂത്ത സഹോദരി ജോലി ചെയ്യുന്ന കാൺപൂരിലേക്കു യാത്ര പുറപ്പെട്ടു. അതൊരു ദീർഘമായ പ്രവാസജീവിതത്തിന്റെ തുടക്കമായിരുന്നു. കാൺപൂരിലെത്തിയ താൻ അവിടെ തുടർവിദ്യാഭ്യാസത്തിനു ചേർന്ന് ഏകദേശം 5 വർഷത്തോളം പഠനം തുടർന്നു.

### രക്ഷയുടെ അനുഭവം

തുടർവിദ്യാഭ്യാസത്തിനും, ജോലിക്കുമായി 1970 ൽ കാൺപൂരിലെത്തിയ കെ.സി ജോസഫിന്റെ ആത്മീയജീവിതത്തിൽ മാറ്റങ്ങളുണ്ടായതു വളരെ യാദൃച്ഛികമായാണ്. ഒരുനാൾ വീട്ടുസാധങ്ങൾ വാങ്ങുവാനായി മാർക്കറ്റിലേക്ക് പോയ തന്നെ രണ്ടു സുവിശേഷകർ കണ്ടുമുട്ടി. മലയാളികളെ വിരളമായിമാത്രം കണ്ടിരുന്ന ആ സ്ഥലത്തു വെച്ച് 2 മലയാളിസുവിശേഷകരെ താൻ കാണുകയും അവരിലൂടെദൈവവചനത്തിന്റെ കൂടുതൽ സത്യങ്ങൾ മനസിലാക്കുകയും ചെയ്തു. തോമസ് എന്നും, ചാക്കോ എന്നുമായിരുന്നു അവരുടെ പേരുകൾ. ആ സുവിശേഷകരെ ഭവനത്തിലേക്ക് ക്ഷണിച്ചു. പാരമ്പര്യഓർത്തഡോക്സ് വിശ്വാസം പിന്തുടർന്നിരുന്ന തനിക്കുരക്ഷയെകുറിച്ചുള്ള സന്ദേശം ഒരു പുതിയ അനുഭവമായിത്തീർന്നു. ആ സുവിശേഷകർ കൈമാറിയ രക്ഷാസന്ദേശം ജീവിതാനുഭവങ്ങളെ മാറ്റിമറിച്ചു. ഒരു പുതിയ സൃഷ്ടിയായി താൻ രൂപാന്തരപ്പെടുകയായിരുന്നു.



ഐപിസി അബുദബിയുടെ ഉപഹാരസമർപ്പണം.

### അബുദാബിയിലേക്കുള്ള യാത്ര

വിദ്യാഭ്യാസത്തിനുശേഷം താൻ കാൺപൂരിൽ ബ്ലൂസ്റ്റാർ എന്ന കമ്പനിയിൽ ഔദ്യോഗികജീവിതം ആരംഭിച്ചു. ഇതിനിടയിൽ നാട്ടിൽനിന്നും വിവാഹാലോചനകൾ ആരംഭിച്ചു. 1975 മെയ് 22നു പത്തനാപുരം, മൂലമണ്ണിൽ ഓമനയെ താൻ ജീവിതസഖിയാക്കി. ഐപിസി അബുദാബിയുടെ സ്ഥാപകാംഗം പാസ്റ്റർ തോമസ് വർഗീസി(മൂലമണ്ണിൽ തങ്കച്ചായൻ)ന്റെ സഹോദരിയാണ് ഓമന.

വിവാഹാനന്തരം തനിക്കു കുടുംബത്തോടൊപ്പം, അബുദാബിയിലേക്കു വരുവാൻ ദൈവം കൃപ ചെയ്തു. ഓമന അന്ന് അബുദാബിയിൽ ജോലി ചെയ്തുവരികയായിരുന്നു. പ്രവാസജീവിതത്തിന്റെ അടുത്ത ചുവടുവെയ്പ്പുമായി ജോസഫ് 1975 സെപ്റ്റംബർ 30 നുഅബുദാബിയിൽ എത്തിച്ചേർന്നു. 45 വർഷത്തെ ദീർഘമായ ഗൾഫ് ജീവിതത്തിന്റെ തുടക്കം അവിടെ ആരംഭിക്കയായിരുന്നു.

അബുദാബിയിൽ എത്തിയ തന്നെ ഐപിസി അബുദാബിയിലെ ആദ്യകാലഅംഗങ്ങളായ പേടിയിൽബേബിച്ചായനും, മൂലമണ്ണിൽ തങ്കച്ചായനും ചേർന്ന്സ്വീകരിച്ചു. കാൺപൂരിൽ വെച്ച് രക്ഷാനിർണ്ണയം പ്രാപിച്ചിരുന്ന ജോസഫ് അബുദാബിയിലെത്തി അധികം വൈകാതെ കർത്താവിനെ ജലത്തിൽ സാക്ഷിച്ചു. 1975 ഡിസംബർ 24 നു പാസ്റ്റർ മാങ്ങാനം ജോസഫായിരുന്നു ആ ശുശ്രൂഷ നിർവഹിച്ചത്. ആ വർഷംതന്നെ പരിശുദ്ധാത്മനിറവിന്റെ അനുഭവത്തിലേക്കും ദൈവം നടത്തി.

അബുദാബിയിലെത്തി ഒരാഴ്ചക്കുള്ളിൽ പ്രശസ്തമായ താനിമുർഷിദ്-യൂണിലിവർ എന്ന കമ്പനിയിൽ ജോലി ലഭിച്ചു. അന്നുമുതൽ അബുദാബിയിൽ നിന്ന് മടങ്ങി നാട്ടിലേക്കു പോകുന്നതു വരെയുള്ള 45 വർഷങ്ങൾ അതെ കമ്പനിയിൽ ജോലി ചെയ്യുവാൻസർവ്വകൃപാലുവായ ദൈവം സഹായിച്ചു. 1986ൽ ജോലി നഷ്ടപെടുന്ന സാഹചര്യം ഉണ്ടായെങ്കിലും അത്ഭുതങ്ങളുടെ ദൈവം ആ സ്ഥാപനത്തിൽ തന്നെ തുടരുവാൻ വഴികളെ ഒരുക്കി.

ആത്മീയവിഷയങ്ങളിൽ ഏറ്റവും തല്പരനായിരുന്നു ജോസഫച്ചായൻ. സഭയുടെ ഒരു മീറ്റിംഗുപോലും മുടക്കില്ല. ആദ്യകാലങ്ങളിൽ ഇന്ന് കാണുന്നതുപോലെയുള്ള സൗകര്യങ്ങൾ ഇല്ലാതിരുന്നിട്ടും ആരാധനകൾക്കുള്ള ഉത്സാഹത്തിനു ഒരുകുറവും ഇല്ലായിരുന്നു. ആദ്യകാലങ്ങളിൽ സഭയ്ക്ക് ശക്തമായ നേതൃത്വം നൽകി ഇന്ന് നിത്യതയിൽ വിശ്രമിക്കുന്ന പാസ്റ്റർ കെ.എം. സാമുവേലിനെയും, പാസ്റ്റർ എം.സി. ചാക്കോയെയും അവരുടെ ത്യാഗപൂർണമായ പ്രവർത്തനങ്ങളെയും താൻ നന്ദിയോടെ സ്മരിച്ചു.

അബുദാബിയിലെത്തി അടുത്തദിവസം മുതൽ ഐ.പി.സി അബുദാബി സഭയിലെ ആത്മീകപ്രവർത്തനങ്ങളിൽ സജീവപങ്കാളിയായി. ആദ്യകാലങ്ങളിലെ അനുഭവങ്ങളും, കൂട്ടായ്മസന്തോഷങ്ങളും പറയുമ്പോൾ പലപ്പോഴും താൻ വികാരാധീനനായി. ഏതു വിഷയങ്ങളിലും സഹകരിക്കുകയും, പ്രാർത്ഥിക്കയും ചെയ്യുന്ന വിശ്വാസികൾ. ഒരുദിവസം അവധി ലഭിച്ചാൽ കൂട്ടായ്മക്ക് പോകുക എന്നതായിരുന്നു പ്രാധാന്യമുള്ള വിഷയം. ആത്മനിറവിലെ ആരാധനയും, പ്രാർഥനയും ഒഴിവാക്കാൻ പറ്റാത്ത ജീവിതാനുഭവങ്ങളായിരുന്നു. കാലപ്പഴക്കത്തിൽ കൂട്ടായ്മബന്ധങ്ങളിൽ വിള്ളൽ വീണോ എന്ന് സന്ദേഹവും താൻ പ്രകടിപ്പിച്ചു.

സഭയുടെ ആത്മീകവിഷയങ്ങളിൽ എന്നപോലെഭരണപരമായ കാര്യങ്ങളിലും ഉത്സാഹത്തോടെ പ്രവർത്തിച്ചു. ഐപിസി അബുദാബി, ഐപിസി UAE റീജിയൻ, ആപ്കോൺ എന്നിവയുടെ കമ്മറ്റികളിലും താൻ പലപ്രാവശ്യം അംഗമായിരുന്നു. ഏതെല്ലാം നിലകളിൽ പ്രവർത്തിച്ചോ അവിടെയെല്ലാം, വളരെ സൗമ്യതയോടെ അഭിപ്രായങ്ങൾ പറയുവാനും, മറ്റുള്ളവരെ പ്രോത്സാഹിപ്പിക്കുവാനും താൻ ഒട്ടും മടികാണിച്ചില്ല. അഭിപ്രായവ്യത്യാസങ്ങൾ ഉണ്ടാകുമ്പോൾ മറ്റുള്ളവരെ മുറിവേൽപ്പിക്കാതെ കാര്യങ്ങൾ അവതരിപ്പിക്കുവാൻ ജോസഫച്ചയാനുള്ളകഴിവ് ഒന്നുവേറെതന്നെയായിരുന്നു.

### കുടുംബം

പത്തനാപുരം മൂലമണ്ണിൽ ഓമനയാണ് ഭാര്യ. പ്രിയപ്പെട്ടവൾ ദീർഘവർഷങ്ങൾ അബുദാബി മഫ്റഖ് ഹോസ്പിറ്റലിൽ നേഴ്സായി ജോലിചെയ്തു. സഭയിലെ ഏവർക്കും അനുകരണീയമായ ഒരു മാതൃകാകുടുംബമായിരുന്നു പ്രിയപെട്ടവർ. ഏതൊരു വിഷയം പ്രാർത്ഥനക്കായി പൊതുവായി പറഞ്ഞാലും അത് ഏറ്റെടുത്തു മടികൂടാതെ നിരന്തരമായി പ്രാർഥിക്കുന്നവരായിരുന്നു രണ്ടുപേരും.

നാലുമക്കൾ: മൂത്തമകൾ ജൂലി, ഭർത്താവു സാംസൺ, മക്കൾ: സ്റ്റീവ്, ജോനാഥൻ കുടുംബമായി കാനഡയിൽ. രണ്ടാമത്തെ മകൻ ജെറോയി, ഭാര്യ ടിൻസി, മക്കൾ: ജെറെമിയ, ജൂഡാ, ജോഷുവ കുടുംബമായി ഓസ്ട്രേലിയയിൽ പാർക്കുന്നു. മൂന്നാമത്തെ മകൾ ജെയ്സി കുടുംബമായി ഷാർജയിൽ ആണുള്ളത്. ഭർത്താവ് ഷിബു, മകൾ റിയോണ. ഇളയ മകൻ ജസ്റ്റിൻ, ഭാര്യ ലിയ.



ജൂലി-സാംസൺ. മക്കൾ: സ്റ്റീവ്, ജോനാഥാൻ



ജെറോയ്-ടിൻസി. മക്കൾ: ജെറമിയ, ജൂഡാ, ജോഷുവ



ജെയ്സി-ഷിബു. മകൾ: റിയോണ.



ജെസ്റ്റിൻ-ലിയ.

### നാട്ടിലേക്കുള്ള മടക്കയാത്ര

ദീർഘനാളത്തെ പ്രവാസജീവിതം അവസാനിപ്പിച്ച് നാട്ടിലേക്കു പോകുവാൻ പല പ്രാവശ്യം ആഗ്രഹിച്ചു. കുറെ നാളുകൾകൂടെ തുടരുവാൻ കമ്പനി തന്നെ നിർബന്ധിച്ചിരുന്നു. എന്നാൽ ഇപ്പോൾ അതിനു മുതിരാതെ പ്രിയപ്പെട്ടവർ കുടുംബമായി നാട്ടിലേക്കു മടങ്ങി. പ്രിയപ്പെട്ടവരുടെ മടക്കം ഐപിസി അബുദാബിക്ക് വലിയ നഷ്ടം തന്നെയാണ്. 52 വർഷങ്ങൾ പൂർത്തിയാക്കിയ ഐപിസി അബുദാബിയിലെ ഏറ്റവും മുതിർന്ന അംഗങ്ങളായിരുന്നു, പ്രിയപ്പെട്ടവർ. കോവിഡ് പശ്ചാത്തലത്തിൽ സഭയായി ഒരുമിച്ചുകൂടി യാത്രയയപ്പ് അസാധ്യമായതിനാൽ സൂം ഓൺലൈനിൽ ജനുവരി 17-ാം തീയതി വൈകിട്ട് സഭ യാത്രയയപ്പ് ക്രമീകരിച്ചു. ദീർഘവർഷങ്ങളിലെ കൂട്ടായ്മബന്ധത്തിന്റെ ഊഷ്മളമായ ഓർമ്മകൾ സഭാംഗങ്ങൾ പങ്കുവെച്ചു. ഹൃദ്യമായ ആശംസകൾക്ക്ജോസഫച്ചായനും, അമ്മാമ്മയും സ്നേഹനിർഭരമായ വാക്കുകളിൽ നന്ദി അറിയിച്ചു.

ജനുവരി 21നു സെന്റ് ആൻഡ്രൂസ് കമ്മ്യൂണിറ്റിസെന്ററിൽ നടന്ന ആരാധനാമധ്യെ ശുശ്രൂഷകന്മാരായ പാസ്റ്റർ കെ.എം. ജെയിംസും, പാസ്റ്റർ സാമുവേൽ എം. തോമസും ചേർന്നു ദൈവസഭയുടെ ഉപഹാരങ്ങൾ കൈമാറി. നാട്ടിലെത്തി കൂടുതൽ സമയം സുവിശേഷപ്രവർത്തനങ്ങളിൽ പങ്കാളികളാകുവാനുള്ള ആഗ്രഹത്തിലാണ് യാത്ര. വ്യക്തിപരമായി അനേകരോട് സുവിശേഷം പങ്കുവെക്കണമെന്നുള്ള ആഗ്രഹത്തിലാണ് ഇരുവരും. നല്ല ഹൃദയവാഞ്ചയെ ദൈവം സഫലമാക്കട്ടെ. സുവിശേഷപ്രവർത്തനങ്ങളിൽ വർദ്ധിച്ചു വരുവാൻ സ്വർഗീയ പിതാവ് ആയുസ്സും ആരോഗ്യവും പ്രദാനം ചെയ്യട്ടെ. ഹൃദയം നിറഞ്ഞ ആശംസകൾ...

**തയ്യാറാക്കിയത്:**
**സാം സഖറിയാ ഈപ്പൻ**
**(സെക്രട്ടറി ഐ.പി.സി. അബുദാബി)**


For Private Circulation only Not for sale



# ആരാണ് ഈ ദയാബായി?

**നിയമബിരുദമെടുത്ത് മുംബൈയിലെ വിഖ്യാതമായ ടാറ്റാ ഇൻസ്റ്റിറ്റിയൂട്ട് ഓഫ് സോഷ്യൽ സയൻസസിൽനിന്ന് എം.എസ്.ഡബ്ല്യുവും പഠിച്ചിറങ്ങിയ മേഴ്സി മാത്യു എന്ന സാമൂഹികപ്രവർത്തക ലോകമെമ്പാടും ആദരിക്കപ്പെടുന്ന വ്യക്തിയാണ്. അവരെ തിരിച്ചറിയാത്തത് അവർക്കു ജന്മംനല്കിയ കേരളം മാത്രമാണ്.**

78 വർഷങ്ങൾക്കു മുൻപ് പാലായിലെ പൂവരണിയിൽ ജനിച്ച് പതിനാറാം വയസ്സിൽ ജന്മ നാട് വിട്ട മേഴ്സി മാത്യു എന്ന ആദിവാസികൾക്കിടയിലെ സാമൂഹിക പ്രവർത്തക...

കേരള ജനത തിരസ്ക്കരിക്കുമ്പോൾ ലോക ജനത ആദരിക്കുന്ന ഇവർ ആരെന്നു നാം അറിയുന്നില്ല...

നിയമബിരുദമെടുത്ത് മുംബൈയിലെ വിഖ്യാതമായ ടാറ്റാ ഇൻസ്റ്റിറ്റിയൂട്ട് ഓഫ് സോഷ്യൽ സയൻസസിൽനിന്ന് എം.എസ്.ഡബ്ല്യുവും പഠിച്ചിറങ്ങിയ വ്യക്തി...

വർഷത്തിന്റെ പാതിയും യൂറോപ്പിലും അമേരിക്കയിലുമുള്ള പ്രശസ്ത യൂണിവേഴ്സിറ്റികളിലെ വിസിറ്റിങ് പ്രൊഫസർ...

ആദിവാസികളുടെ ഉന്നമനത്തിനായി കഴിഞ്ഞ നാലു പതിറ്റാണ്ടിലേറെയായി മധ്യപ്രദേശിലെ ബറൂൾ എന്ന വിദൂരഗ്രാമത്തിൽ ജീവിക്കുന്ന ദയാബായി ഫാ. വടക്കന്റെ പേരിലുള്ള പുരസ്കാരം സ്വീകരിക്കാനാണ് ഒരിക്കൽ കേരളത്തിലേക്കു വന്നത്. അവാർഡ് ചടങ്ങു കഴിഞ്ഞ് മറ്റൊരു പരിപാടിയിലും പങ്കെടുത്ത് പോലീസ് അകമ്പടിയോടെ കെ.എസ്.ആർ.ടി.സി. ബസ്സിൽ കയറിയ ഈ ദേശീയ മനുഷ്യാവകാശപ്രവർത്തകയെ തിരിച്ചറിയാൻ യാത്രക്കാർക്കോ ബസ് ജീവനക്കാർക്കോ കഴിഞ്ഞില്ല. ആലുവയിൽ തനിക്കിറങ്ങേണ്ട സ്റ്റോപ്പെത്തിയോ എന്ന് ആവർത്തിച്ചു ചോദിച്ചപ്പോഴാണ് കണ്ടക്ടർ മുരണ്ടത്.

“നിനക്കു ഞാനല്ലേടീ ടിക്കറ്റ് തന്നത്” എന്നു ചോദിച്ചുകൊണ്ടായിരുന്നു 75വയസ്സുള്ള ദയാബായിയോട് കണ്ടക്ടർ തട്ടിക്കയറിയത്. പിന്നീട് വാതിലിനടുത്തേക്കു നീങ്ങിയ അവരെ “അതവിടെ നില്ക്കട്ടെ” എന്നുപറഞ്ഞ് പരിഹസിക്കുകയും ചെയ്തു.

“അത്, ഇത് എന്നൊന്നും വിളിക്കരുത്. മനുഷ്യരോടു പെരുമാറുന്ന മാന്യതയോടെ സംസാരിക്കൂ” എന്ന അവരുടെ മറുപടിയിൽ രോഷംകൊണ്ട് “ഇറങ്ങെടീ മൂധേവി. വയസ്സ് കണക്കാക്കിയാണ്... അല്ലെങ്കിൽ ഞാൻ...” എന്നിങ്ങനെ ഉറക്കെ ആക്ഷേപിച്ചുകൊണ്ടാണ് ഇറക്കിവിട്ടത്.

“വാതിൽ ആഞ്ഞടച്ച് ബസ് വിട്ടുപോയപ്പോൾ ഉള്ളിൽ തികട്ടിവന്ന കരച്ചിലടക്കിനിന്ന എന്റെയടുത്തേക്ക് തെരുവിലെ ചില പാവം കച്ചവടക്കാർ വന്ന് എന്താണു സംഭവിച്ചതെന്ന് അനുകമ്പയോടെ ചോദിച്ചു. എനിക്കു മറുപടിപറയാനായില്ല.

കേരളം വീണ്ടും വീണ്ടും എന്റെ വേഷത്തിലേക്കു കൈചൂണ്ടിപ്പറയുന്നു, നീ വെറും നാലാംകിട സ്ത്രീ, നികൃഷ്ടയായ മനുഷ്യജീവി. അന്നേരം ഞാനോർത്തതു മറ്റൊന്നാണ്. കേരളത്തിൽ ലക്ഷക്കണക്കിന് ഇതരസംസ്ഥാന തൊഴിലാളികൾ കൂലിവേലചെയ്യുന്നുണ്ട്. കാഴ്ചയിൽ അവരും ഞാനും ഒരു പോലെയാണ്. പഠിപ്പില്ലാത്തവർ, നിറംമങ്ങിയ തുണിയുടുത്തവർ, ഭാഷയുടെ നാട്യമില്ലാത്തവർ... അവരെല്ലാം എത്ര അപമാനം സഹിച്ചാവും ഇവിടെ പൊതുസ്ഥലങ്ങളിൽ സഞ്ചരിക്കുന്നത്.

വർഷത്തിന്റെ പാതിയും യൂറോപ്പിലും അമേരിക്കയിലുമുള്ള പ്രശസ്ത യൂണിവേഴ്സിറ്റികളിൽ വിസിറ്റിങ് പ്രൊഫസറായി വിദ്യാർഥികളെയും വിദ്യാഭ്യാസവിചക്ഷണരെയും അഭിസംബോധനചെയ്യുന്ന അവരെ അവിടെയാരും വിലകുറഞ്ഞ പരുത്തിസാരിയുടെയും കാതിലും കഴുത്തിലുമണിയുന്ന ഗോത്രമാതൃകയിലുള്ള ആഭരണങ്ങളുടെയുംപേരിൽ കുറച്ചുകണ്ടിട്ടില്ല.

നിയമബിരുദമെടുത്ത് മുംബൈയിലെ വിഖ്യാതമായ ടാറ്റാ ഇൻസ്റ്റിറ്റിയൂട്ട് ഓഫ് സോഷ്യൽ സയൻസസിൽനിന്ന് എം.എസ്.ഡബ്ല്യുവും പഠിച്ചിറങ്ങിയ മേഴ്സി മാത്യു എന്ന സാമൂഹികപ്രവർത്തക ലോകമെമ്പാടും ആദരിക്കപ്പെടുന്ന വ്യക്തിയാണ്. അവരെ തിരിച്ചറിയാത്തത് അവർക്കു ജന്മംനല്കിയ കേരളം മാത്രമാണ്.

യഥാർഥത്തിൽ ആരാണ്, കാട്ടിലെ മരംപോലെ പരുക്കൻ പുറംതോടും അരുവിപോലെ സ്നേഹത്തിന്റെ കുളിർജലമൂറുന്ന മനസ്സും കാത്തുസൂക്ഷിക്കുന്ന ഈ സ്ത്രീ?

കോട്ടയം ജില്ലയിൽ പാലായിലെ പൂവരണിയിൽ ജനിച്ച മേഴ്സി 16-ാം വയസ്സിൽ സാമൂഹികസേവനമെന്ന ലക്ഷ്യവുമായി വടക്കേ ഇന്ത്യയിലെ ഒരു മഠത്തിൽ ചേർന്നു. ഒരു ക്രിസ്മസ് രാവിൽ ആഘോഷങ്ങൾ അലയിടുന്ന മഠത്തിന്റെ ഗേറ്റിനുപുറത്ത് വിരുന്നിന്റെ അവശിഷ്ടങ്ങൾക്കായി കൊടുംതണുപ്പിൽ കാത്തുനില്ക്കുന്ന പാവപ്പെട്ട മനുഷ്യരെയും അവരുടെ കുഞ്ഞുങ്ങളെയും ജനാലയിലൂടെകണ്ട് ഹൃദയം തകർന്നുപോയ മേഴ്സി മദർ സുപ്പീരിയറോടു കരഞ്ഞുപറഞ്ഞു: "എന്നെ പോകാനനുവദിക്കൂ. ആ പാവങ്ങൾക്കിടയിലാണ് എന്റെ സ്ഥാനം. അവരുടെയിടയിലാണ് ക്രിസ്തുവുള്ളത്."

പിന്നീടുള്ള മേഴ്സി മാത്യുവിന്റെ ജീവിതം ചരിത്രമാണ്. ബിഹാർ, ഹരിയാന, മഹാരാഷ്ട്ര, പശ്ചിമ ബംഗാൾ എന്നിവിടങ്ങളിൽ ആദിവാസികൾക്കും അവഗണിക്കപ്പെട്ട വിഭാഗങ്ങൾക്കുമിടയിൽ ദീർഘവർഷങ്ങൾ സേവനംചെയ്ത അവർ ബംഗ്ലാദേശിലെ യുദ്ധഭൂമിയിലുമെത്തി. പരിക്കേറ്റ മനുഷ്യരെ ശുശ്രൂഷിച്ചും ചിതറിക്കിടന്ന ശവശരീരങ്ങൾ തോളിലേറ്റി മറവുചെയ്തും മനുഷ്യരുടെ മനുഷ്യത്വത്തിന്റെ ഓരംപറ്റി ജീവിതം ഉഴിഞ്ഞുവച്ചു. 40 വർഷമായി മധ്യപ്രദേശിലെ ചിന്ത്വാഡ ജില്ലയിലെ തിൻസായിലും ബറൂൾ എന്ന ആദിവാസിഗ്രാമത്തിലുമാണ് അവരുടെ ജീവിതം. ആദ്യമായി ആ ഗ്രാമത്തിൽ പോയപ്പോൾ "നീയാരാണ്? എന്തിനിവിടെ വന്നു? ഞങ്ങൾ കാട്ടിലെ കുരങ്ങന്മാരാണ്" എന്ന് ആത്മനിന്ദയോടെ പറഞ്ഞ ഊരുമൂപ്പന്റെ വാക്കുകളാണ് ഇന്നത്തെ വേഷമണിയാൻ ദയാബായിയെ പ്രേരിപ്പിച്ചത്.

"അവർക്കുവേണ്ടി എന്തെങ്കിലും ചെയ്യണമെങ്കിൽ ആദ്യം അവരുടെ വിശ്വാസം നേടണം. നഗരവാസികളെ ആദിവാസികൾക്കു ഭയമാണ്. അവരുടെ വിശ്വാസം നേടാൻ ഞാൻ അവരുടെ വേഷം ധരിച്ചു. അവരുടെ ആഭരണങ്ങളണിഞ്ഞു. അവരെപ്പോലെ മൺവീട് സ്വയം കെട്ടിയുണ്ടാക്കി അതിലുറങ്ങി. അവരുടെകൂടെ പാടങ്ങളിൽ പണിയെടുത്തു. അവരുണ്ണുന്നതെന്തോ അതുമാത്രമുണ്ടു."

ഒടുവിൽ ആ പാവങ്ങൾ തിരിച്ചറിഞ്ഞു. പിന്നീടവർ വിളിക്കുന്നത് ബായി എന്നാണ്, ദയാബായി.

- കടപ്പാട്



മന്ന പ്രവർത്തകരായ പി.സി. ഗ്ലെന്നി, സന്തോഷ് ഏബ്രഹാം, മേ ജോൺ എന്നിവർ ദയാബായിയോടൊപ്പം.




Edited, Printed and published by P.C. Glenny, Editor in charge Santhosh Abraham, Circulation Managers Jaimon Cheeran, Reejan Robert, Satheesh Nicolas, Santhosh Eapen.
newsmannauae@gmail.com, Visit: www.newsmanna.com Phone 050 3241610, 055 3178586